Malappuram District Police

## 26.09.2017 മഞ്ചേരി

കഴിഞ്ഞ ദിവസം മഞ്ചേരിയിൽ ആറു ലക്ഷത്തിൻെറ കള്ളനോട്ട് പിടിച്ചെടുത്ത സംഭവത്തിൽ ഒരു പ്രതി കൂടി പ്രത്യേക അന്വേഷണ സംഘത്തിൻെറ പിടിയിലായി. കോഴിക്കോട് എലത്തൂർ സ്വദേശി കരിക്കലക്കണ്ടി വീട്ടിൽ മുഷ്താഖ് (24) ആണ് പിടിയിലായത്. ഇയാളിൽനിന്നു 2000 രൂപയുടെ കള്ളനോട്ടുകളും വിതരണത്തിനായി ഉപയോഗിക്കുന്ന കാറും പിടിച്ചെടുത്തു.

കള്ളനോട്ട് മാഫിയ കേരളം, തമിഴ്നാട്, കർണാടക തുടങ്ങിയ സംസ്ഥാനങ്ങളിലെ ഗ്രാമങ്ങൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കാൻ തുടങ്ങിയിട്ട് ഏഴു മാസമായെന്നും, വീടുകൾ വാടകക്കെടുത്താണ് നോട്ടുകൾ നിർമ്മിക്കുന്നതെന്നും, ഇത്തരത്തിൽ 30 ലക്ഷത്തിൻെറ നോട്ടുകൾ നിർമിച്ചതായും അവ സംസ്ഥാനത്തിനകത്തും പുറത്തും വിതരണം ചെയ്തതായും വിവരം ലഭിച്ചിട്ടുണ്ട്. കഴിഞ്ഞ 20-നാണ് ആറ് ലക്ഷത്തിൻെറ കള്ളനോട്ട് കേസിൽ മണ്ണാർക്കാട് സ്വദേശി പിലാതോട്ടത്തിൽ മുഹമ്മദ് ശരീഫ്, മേലാറ്റൂർ സ്വദേശി കോരനകത്ത് ശബീറലി, കൊയിലാണ്ടി സ്വദേശി സക്കറിയ എന്നിവർ പിടിയിലാകുന്നത്. അന്ന് മുഷ്താഖ് രക്ഷപ്പെടുകയായിരുന്നു.

കഞ്ചാവ് വില്പന നടത്തിയതിലും നാട്ടിൽനിന്നു വാഹനങ്ങൾ വാടകക്കെടുത്തു മുങ്ങിയ സംഭവത്തിലും ഇയാൾക്കെതിരെ കേസുണ്ട്. പ്രതിയെ കോടതിയിൽ ഹാജരാക്കി റിമാൻറ് ചെയ്തു.

മഞ്ചേരി സി.ഐ എൻ.ബി ഷൈജു, എസ്.ഐ റിയാസ് ചാക്കീരി എന്നിവരുടെ നേതൃത്വത്തിൽ സത്യനാഥൻ, ഉണ്ണികൃഷ്ണൻ മാരാത്ത്, ശശി, പി. സഞ്ജീവ്, സലീം, സജയൻ, ഫഖ്റുദ്ദീൻ, അബ്ദുറഹ്മാൻ, സിപിഒ-മാരായ സുഭാഷ്, മനോജ്, ഷാഹുൽ എന്നിവരാണ് പ്രതിയെ പിടികൂടിയത്.